**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **02-08-2021 - ൽ മറുപടിയ്ക്ക്**

**ആർ.ഐ സെന്ററുകളിൽ പരിശീലനത്തിനായി ട്രെയിനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പതിനായിരക്കണക്കിന് ട്രെയിനികളാണ് വർഷങ്ങളായി വിവിധ ആർ.ഐ. സെന്ററുകളിൽ പരിശീലനം കാത്തുനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2016 മുതൽ കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ് പോർട്ടലായ www.apprenticeship.gov.in പോർട്ടലിലും 2020 മുതൽ ഡി.ജി.റ്റിയുടെ നിർദ്ദേശ പ്രകാരം www.apprenticeshipindia.org എന്ന പോർട്ട ലിലും പരിശീലനാർത്ഥികളും സ്ഥാപനങ്ങളും നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആർ.ഐ. സെന്ററുകളിൽ രജിസ്ട്രേഷൻ നടപടികൾ നിലവിലില്ല. ആയതിനാൽ നിലവിൽ പരിശീലനാർത്ഥികൾ ആർ.ഐ സെന്ററു കളിൽ അവസരം കാത്തു നിൽക്കുന്ന സാഹചര്യമില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി പരമാവധി സർക്കാർ വകുപ്പുകളിൽ ട്രെയിനികൾക്കായി അപ്രന്റീസ് പരിശീലനം നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമോ; വ്യക്തമാക്കുമോ? | (ബി) | അപ്രന്റീസ് പരിശീലനത്തിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി 1961 ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസുകളെ പരിശീലനത്തിനായി നിയോഗിക്കണം എന്നറിയിച്ചു കൊണ്ടുള്ള കത്ത് എല്ലാ വകുപ്പ് മേധാവികൾക്കും വ്യാവസായിക പരിശീലന വകുപ്പ് നൽകുകയും, ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അപ്രന്റീസ് പരിശീലനത്തിന്റെ ആവശ്യകത യെക്കുറിച്ച് ബോധവൽക്കരണം സ്ഥിരമായി നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ